**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പാറശ്ശാല ബ്ലോക്കിൽ പുനർവിന്യസിച്ചിരുന്ന മൃഗസംരക്ഷണ വകുപ്പിലെ ക്ലാർക്കായ ശ്രീ.ബിനോയ് എം.-നെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും പകരം കാറഡുക്ക ബ്ലോക്കിൽ പുനർവിന്യാസ നിയമനം നൽകിയിരുന്ന പൊതുമരാമത്ത് വകുപ്പിലെ ശ്രീ.പ്രശാന്ത് കുമാർ ആർ.-ന് പാറശ്ശാല ബ്ലോക്കിലേക്ക് പുനർവിന്യാസ സ്ഥലംമാറ്റം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2228/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 13.08.2018.**

പരാമർശം:
1) സ.ഉ.(പി) നം.99/2017/തസ്വഭവ, തീയതി, 13.12.2017.
2) സ.ഉ.(സാധാ) നം.1811/2018/തസ്വഭവ, തീയതി, 03.07.2018.
3) പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2018-ലെ കത്ത്.
4) ശ്രീ.പ്രശാന്ത് കുമാർ ആർ. സമർപ്പിച്ച 26.07.2018-ലെ നിവേദനം.
5) ഗ്രാമവികസന കമ്മീഷണറുടെ 06.08.2018-ലെ 5806/എസ്റ്റാ.സി3/18/സിആർഡി (3) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരനായിരുന്ന ശ്രീ.ബിനോയ് എം.-ന് പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലേക്ക് പുനർവിന്യാസ നിയമനം നല്കി ഉത്തരവായിരുന്നു. എന്നാൽ ടിയാൻ ഓഫീസിൽ കൃത്യമായി ഹാജരാകുകയോ കൃത്യനിർവ്വഹണം നിർവ്വഹിക്കുകയോ ചെയ്യുന്നില്ലായെന്നും ആയതുകൊണ്ട് ബ്ലോക്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വീഴ്ച വരുന്നതായും അതിനാൽ ടിയാനെ മാതൃവകുപ്പായ മൃഗസംരക്ഷണ വകുപ്പിലേക്ക് തിരികെ അയച്ച് പകരം പരാമർശം (2)-ലെ ഉത്തരവ് പ്രകാരം കാറഡുക്ക ബ്ലോക്കിൽ പുനർവിന്യാസ ക്ലാർക്കായി നിയമിച്ചിട്ടുള്ള ശ്രീ.പ്രശാന്ത് കുമാറിന് പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലേക്ക് പുനർവിന്യാസ നിയമനം നല്കണമെന്ന് പരാമർശം (3) പ്രകാരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (5)-ലെ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല ബ്ലോക്കിൽ പുനർവിന്യസിച്ചിരുന്ന ശ്രീ.ബിനോയിയെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും പുനർവിന്യസിച്ചിരുന്ന ഓഫീസിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ടിയാനെതിരെ അനധികൃത ഹാജരില്ലായ്മയ്ക്കെതിരെ നടപടി എടുക്കുവാൻ മാതൃവകുപ്പായ മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിക്കൊണ്ടും കൂടാതെ കാറഡുക്ക ബ്ലോക്കിൽ പുനർവിന്യാസ നിയമനം നൽകിയിരുന്ന ശ്രീ.പ്രശാന്ത് കുമാറിന് പാറശ്ശാല ബ്ലോക്കിലേക്ക് ശ്രീ.ബിനോയിയ്ക്ക് പകരം പുനർവിന്യാസ സ്ഥലംമാറ്റം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ! പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്.
സെക്രട്ടറി, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്.
ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ മേധാവി മുഖേന).
മൃഗസംരക്ഷണ വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ